RCS/2297/2020)-ഇ.എം.(4)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 20.05.2020

**സർക്കുലർ നമ്പർ 41/20**

വിഷയം:- സഹകരണ വകുപ്പ് - കോവിഡ് 19 രോഗ വ്യാപനം - പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ദിവസ വേതനക്കാർ, കളക്ഷൻ ഏജന്റുമാർ എന്നിവർക്ക് പ്രതിമാസ വേതനം നൽകുന്നതിനുള്ള ക്രമീകരണം സംബന്ധിച്ച്

പരാമർശം:- ഈ ആഫീസിലെ 24/20, 25/20 എന്നീ നമ്പർ സർക്കുലറുകൾ

*****

കോവിഡ് 19 രോഗവ്യാപനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ വായ്പാ കളക്ഷൻ ഏജന്റുമാർ മുഖേനയുള്ള കളക്ഷൻ ജോലികൾ നിർത്തിവയ്ക്കുന്നതിനും, കളക്ഷൻ ഏജന്റുമാർക്ക് പ്രതിമാസ വേതനം ഉറപ്പ വരുത്തുന്നതിനും സൂചന പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

അടച്ചിടൽ കാലളവിലെ നിയന്ത്രണങ്ങളിൽ ബഹുമാനപ്പെട്ട സർക്കാർ ഇളവുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ വായ്പാ കളക്ഷൻ ഏജന്റുമാർക്ക്, കോവിഡ് 19 രോഗ വ്യാപനം തടയുന്നതിന്റെ ഭാഗമായി സർക്കാറും ജില്ലാ ഭരണകൂടവും ആരോഗ്യ വകുപ്പും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും, നിർദ്ദേശങ്ങളും കർശനമായി പാലിച്ചുകൊണ്ട് നിക്ഷേപ വായ്പാ പിരിവുകൾ പുനരാരംഭിക്കേണ്ടതാണ്. സൂചനയിലെ സർക്കുലർ പ്രകാരം വേതനം/കമ്മീഷൻ കണക്കാക്കുമ്പോൾ 10,000/- രൂപയിൽ താഴെയാണെങ്കിൽ പരമാവധി 10000 രൂപയും യഥാർത്ഥ കമ്മീഷൻ 10000 രൂപയിൽ കൂടുതലാണെങ്കിൽ ആയതും പ്രതിമാസ വേതനമായി നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം കളക്ഷൻ ഏജന്റുമാർക്ക് ലോക്ക്ഡൌൺ കാലയളവിൽ അവരുടെ പ്രതിമാസ മിനിമം വേതനവും യഥാർത്ഥ കളക്ഷൻ കമ്മീഷനും കഴിച്ച് അധികമായി തുക നൽകിയിട്ടുണ്ടെങ്കിൽ അധികമായി നൽകിയ തുക തുടർന്നുവരുന്ന 10 മാസങ്ങളിലെ കളക്ഷൻ കമ്മീഷനിൽ നിന്നും പ്രതിമാസ തവണകളായി തിരികെ ഈടാക്കേണ്ടതാണ്.

ഒപ്പ്
എ.അലക്സാണ്ടർ ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. സെക്രട്ടറി, സഹകരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി.(ഉപരിപത്രം സഹിതം)
3. ബന്ധപ്പെട്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
4. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

5. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
6. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
8. മറ്റു ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
10. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
11. എഡിറ്റർ/സഹകരണ വീഥി,
12. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം)